കേരള സർക്കാർ

നമ്പർ.72218/ഡിഡി3/2013/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 09.12.2013

## സർക്കുലർ

വിഷയം: എസ്.ഇ.സി.സി. 2011 - കരട് ലിസ്റ്റ് പ്രസിദ്ധീകരണം - ഗ്രാമസഭകൾ/വാർഡ് സഭകൾ വിളിച്ച് ചേർക്കുന്നത് - സംബന്ധിച്ച്

സൂചന: 21.11.2013 ലെ ഗ്രാമവികസന കമ്മീഷണറുടെ 12168/എസ്.ഇ.സി.സി./12/സി.ആർ.ഡി നമ്പർ കത്ത്.

കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ ഭാരതത്തിലാകമാനം നടന്നു വന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നമ്മുടെ സംസ്ഥാനത്ത് ഓരോ ജില്ലയിലും അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്. വയനാട്, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ കരട് ലിസ്റ്റ് കേന്ദ്ര സർക്കാരിന്റെ secc.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി കേന്ദ്രസർക്കാരിന് കൈമാറിയിട്ടുണ്ട്. കൊല്ലം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, ജില്ലകളിലെ കരട് ലിസ്റ്റ് ഡൗൺ ലോഡ് ചെയ്യുന്ന പ്രക്രിയ നടന്നുവരികയാണ്. തിരുവനന്തപുരം, മലപ്പുറം ജില്ലകളിലെ ഏതാനും കറക്ഷൻ ഫയൽ അപ് ലോഡിംഗ് കൂടി പൂർത്തിയായാൽ കരട് ലിസ്റ്റ് ജനറേറ്റ് ചെയ്യപ്പെടുന്നതാണ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും. 2013 ജനുവരി 31 നകം കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കാനാകുന്നതാണ്.

കേരളത്തിലെ മുഴുവൻ ജില്ലകളിലും 2013 നവംബർ 28 മുതൽ ജനുവരി 31 വരെയുള്ള വിവിധ തീയതികളിലായി കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് തയ്യാറാകുന്നതാണ്. അതത് ജില്ലകളിലെ കരട് ലിസ്റ്റ് പ്രസിദ്ധീകരണം സംബന്ധിച്ച തീയതികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതാണ്.

കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം തന്നെ ലിസ്റ്റ് പരിശോധനയ്ക്കായി പ്രത്യേക ഗ്രാമസഭകൾ വിളിച്ച് ചേർക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ ജില്ലകളിലെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചാലുടൻ തന്നെ പ്രത്യേക ഗ്രാമസഭ/വാർഡ് സഭ വിളിച്ചു കൂട്ടി കരട് ലിസ്റ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ കാലേക്കൂട്ടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു. കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന ദിവസം മുതൽ തന്നെ പരാതികളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതിനുള്ള ഘട്ടം ആരംഭിക്കുന്നതാണ്. ലിസ്റ്റിൽ വിട്ടുപോയവരെ ഉൾപ്പെടുത്തുന്നതിനും, തെറ്റായി രേഖപ്പെടുത്തപ്പെട്ട കുടുംബവിവരങ്ങളിൽ തിരുത്തൽ വരുത്തുന്നതിനും ഈ ഘട്ടത്തിൽ അവസരം ലഭിക്കുന്നതാണ്. ഇതിലേയ്ക്കുള്ള പ്രത്യേക അപേക്ഷകളും പ്രിന്റ് ചെയ്ത് തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

ദേശീയ ഭക്ഷ്യ സുരക്ഷാ ബിൽ 2013 പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിൽ നിന്നാകയാൽ കാലതാമസം ഉണ്ടാകാതെ തന്നെ ലിസ്റ്റ് ഗ്രാമസഭ/ വാർഡ് സഭ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

ജെയിംസ് വർഗീസ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാ കളക്ടർമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
7. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
9. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
10. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ